# വർഷപാതം ഹിമവാതം

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ചാഞ്ഞുതറയുന്ന** മഴത്തുള്ളി
ഉന്നത്തിൽ നിപതിച്ച് ഹുതാത്മനായി
പഠനജനൽപ്പാളിയിൽ കുത്തിത്തുരക്കൽ,
ആസക്തിയുടെ അണപ്പല്ലിന്റണപ്പിൽ
സാധനാസാധകത്തിൽ ആക്രോശാവേശം.

വേഗം പിറക്കാൻ
അക്ഷമനായ ഗർഭശ്രീമൻ
പുറങ്കാഴ്ച്ച മെനയുന്ന ശുഭാശംസ:
നൈമിഷിക നടത്തം
ക്ഷണനേരം ഭാഷണം
ഞൊടിയിട രാഗഭാവം
കണ്ണിമയിൽ പാട്ടിലാക്കൽ.

ജാഗരൂകനായ ഗോൾക്കീപ്പർ
അനന്തമായ ഗണിതശ്രേണിയിലെ
ബഹുസാംഖ്യത്തുടിപ്പുകൾ.
പ്രക്ഷുബ്ധ വെള്ളത്തടത്തിൽ
ശാപഗ്രസ്തതയെ കൃപാവചസ്സാക്കി
രൂപാന്തരീകരണത്തിനു കവചച്ചാർത്ത്.

അതിസൂക്ഷ്മ തരളിത മ്ലാനമുഖത്തെ
അർത്ഥസ്ഫുരണ നിഴലാട്ടത്തെ
സംയോജികയിൽ തലകീഴാക്കി
വ്യതിരിക്തതയിൽ അണിനിരത്തി
അപ്രകാശിത അസമാപ്ത ബിംബം.

നമുക്കൊത്തുചേരാം:
മലയിടുക്കിലെ അരുവിത്തഴപ്പിൽ
മൂലബീജ മനക്കണക്കൊഴുക്കിൽ

മെരുക്കി വളർന്ന പ്രശ്നസഞ്ചയത്തിൽ
നഷ്ടവഴിപ്പടർപ്പുകൾ കൂട്ടിവായിക്കാം.

കൊള്ളിമീനും വെള്ളിടിക്കും
ഇടയിലുള്ള സ്ഥൂലതാഭാവം
സ്ഥിരാവർത്തന കൃത്യതയിൽ
പുസ്തകവെളിപാടിൻ ശയ്യയിൽ
ഉണരുന്ന പ്രക്ഷിപ്തതയാക്കാം.

സമാന്തര സാമന്തതയിൽ
പിറന്നുറഞ്ഞ രണ്ടാറുകൾ
സംഗമതീർത്ഥം കൊതിക്കുമ്പോൾ
മുങ്ങൽവിദഗ്ദ്ധ പാഠങ്ങൾ
ചൊല്ലിപ്പുണർന്നു നമുക്കു ചേരാം.
*************************************************************